ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം.

<u>സമഗ്രഗുണമേന്മാപദ്ധതി</u>

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## 2025-26

ഒ എ എൽ പി സ്കൂൾ വല്ലപ്പുഴ
ഷൊർണ്ണൂർ ഉപജില്ല
പാലക്കാട്.

## ആമുഖം :-

ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശമാണ്. അത് നൽകേണ്ട ഉത്തരവാദിത്തം വിദ്യാലയത്തിനുണ്ട്. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന എല്ലാ പഠനലക്ഷ്യങ്ങളും ഒരുപോലെ എല്ലാ വിദ്യാർത്ഥികളിലേയ്ക്കും എത്തിക്കാൻ ഓരോ വിദ്യാലയവും തയ്യാറാക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യം :-

നമ്മുടെ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിക്കും സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പുരോഗതി ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട ആരോഗ്യ സുരക്ഷാ സംവിധാനവും സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള സന്തോഷകരമായ സ്കൂൾ അന്തരീക്ഷവും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും പഞ്ചായത്ത് പോലെയുള്ള വിവിധ ഏജൻസികളുടേയും മറ്റ് ഘടകങ്ങളുടേയും ഫലപ്രദമായ ഏകോപനത്തിലൂടെ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുകയും സ്കൂളിനകത്തും പുറത്തുമുള്ള വിഭവങ്ങളും പ്രാദേശിക വൈദഗ്ധ്യവും പ്രയോജനപ്പെടുത്തി നൂതന പഠന തന്ത്രങ്ങളിലൂടെ നമ്മുടെ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളെയും സംസ്കാരസമ്പന്നരായ വിദ്യാസമ്പന്നരായ ഒരു നല്ല സാമൂഹ്യജീവിയായും ഓരോ ക്ലാസ്സിലും നേടേണ്ട അക്കാദമിക മികവിന്റെ ലോകോത്തര മാതൃകയുടെ നേർസാക്ഷിയുമായി വളർത്താനുതകുന്ന മാസ്റ്റർപ്ലാൻ.

**അവസ്ഥാപഠനം :-**

നിലവിൽ ഞങ്ങളുടെ വിദ്യാലയത്തിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും, മികച്ച പഠനാന്തരീക്ഷവും, കുട്ടികളുടെ മനസ്സിനു സന്തോഷം നൽകുന്ന ശിശുസൗഹൃദ കാമ്പസും ആരോഗ്യ സുരക്ഷാ സംവിധാനവും ഉണ്ട്. വിദ്യാലയത്തിലെയും പ്രാദേശികമായതുമായ വിഭവ സമാഹരണം നടത്തി വിദ്യാർത്ഥികൾക്ക് പ്രയോജനകരമാക്കാൻ കഴിഞ്ഞ വർഷവും സാധിച്ചു. കലോത്സവം, നിർമ്മാണ ശില്പശാലകൾ, പ്രതിപന്തി വിവിധ ഭാഷാ ക്ലബ്ബുകളും ശാസ്ത്ര സാമൂഹ്യ ശാസ്ത്ര, ഗണിതശാസ്ത്ര പ്രവർത്തിപരിചയ, സ്പോർട്സ് ക്ലബ്ബുകളെല്ലാം വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ട് കലാ, കായിക, ശാസ്ത്ര ഗണിത, പ്രവർത്തി പരിചയ മത്സരങ്ങളിൽ എല്ലാം ഷൊർണ്ണൂർ സബ്ജില്ലയിൽ ഒന്നാമതെത്താൻ ഞങ്ങൾക്കു കഴിഞ്ഞു. 32 കുട്ടികളെ LSS പരീക്ഷയിൽ പങ്കെടുപ്പിക്കുകയും 6 കുട്ടികൾക്ക് LSS നേടാനും സാധിച്ചു.

**നേരിട്ട പ്രശ്നങ്ങളും പദ്ധതി രൂപീകരണവും**

എങ്കിലും 2024-25 അധ്യയന വർഷത്തിൽ മാസ്റ്റർ പ്ലാൻ ലക്ഷ്യം വച്ച എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരും സ്വതന്ത്ര രചയിതാക്കളും ആക്കി മാറ്റാൻ പൂർണ്ണമായി സാധിച്ചിട്ടില്ല. ഓരോ കുട്ടിയുടെയും പഠനവേഗം, പഠനതാൽപര്യങ്ങൾ, പഠനപ്രശ്നങ്ങൾ എന്നിവ പരിഗണിച്ച്, ഗൃഹാന്തരീക്ഷം മനസ്സിലാക്കി വേണ്ട പിന്തുണ നൽകിയാൽ പഠനപ്രശ്നങ്ങൾ നേരിടുന്നവരുടെ എണ്ണം കുറയുമെന്നു മനസ്സിലാക്കി അതിനുള്ള പ്രവർത്തനങ്ങൾ ഈ വർഷം നടപ്പിലാക്കും.

സമഗ്രവും തുടർച്ചയുള്ളതുമായ വിലയിരുത്തൽ പ്രക്രിയകളിലൂടെ നാലാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും LSS വിജയികളാക്കാനും ലക്ഷ്യമിടുന്നു. ആവശ്യബോധത്തോടെയുള്ള പഠനം എല്ലാ കുട്ടികളിലും നടക്കാനായി വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും. പഠന പുരോഗതിക്കായി IEDC ട്രെയിനർമാരുടെ സഹായം തേടും. പൂർണ്ണ പങ്കാളിത്ത ക്ലാസ് പിടിഎ, വായനോത്സവം, കഥാവേള, രചനോത്സവം, സംയുക്ത വിലയിരുത്തൽ, പൊതുവിജ്ഞാന സദസ്സ് എന്നിവ ഒരുക്കും. കുട്ടികളിലെ കായികശേഷി, സർഗാത്മക ശേഷി, ചിത്രകല എന്നീ വൈവിധ്യങ്ങളായി കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമൊരുക്കും. എല്ലാ മേഖലയിലുമുള്ള നേട്ടങ്ങൾ നിലനിർത്താൻ പരിശ്രമിക്കും.

സ്വതന്ത്ര വായനയ്ക്കായി പൊതുവായനായിടങ്ങൾ സ്കൂളിൽ സജ്ജീകരിക്കും. വ്യക്തിശുചിത്വം- പരിസര ശുചിത്വം- ആരോഗ്യരക്ഷ- ബോധവത്കരണ ക്ലാസ്സുകൾ നടത്തും. കുട്ടികളുടെ ഹാജർനില ~~[illegible]~~ വർദ്ധിപ്പിക്കാനുള്ള മത്സരങ്ങൾ നടത്തും. ലിംഗസമത്വത്തിലൂന്നി മതസൗഹാർദ്ദപരമായ വിദ്യാഭ്യാസം നൽകും.

ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതും ജനാധിപത്യ ദർശനം നിലനിർത്തുന്നതുമായ വിദ്യാലയ അനുഭവങ്ങൾ സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങളിലൂടെ നൽകും.

വിദ്യാലയത്തിൽ ICT ഉപകരണങ്ങളുടെ [illegible]ം കുറവുകൂടി വേണം (8) പൂർവ്വ വിദ്യാർത്ഥികൾ, MLA, MP, നാട്ടുകാർ ഇവരുടെ സഹായം തേടും

## മേഖല - കര കൗശല പ്രവർത്തി പരിചയ ശേഷി വികാസം.

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം. |
|---|---|---|---|
| സ്കൂൾതല പ്രവർത്തി പരിചയമേള | അധ്യാപകർ | ജൂലൈ | SRG. |
| പരിചയസമ്പന്നരായ വ്യക്തികളുടെ സേവനം ലഭ്യമാക്കുന്നു. | WE ക്ലബ്ബ് | ആഗസ്റ്റ് | SRG |
| തുടർപരിശീലനം | അധ്യാപകർ | 3 മാസം | SRG |
| **മേഖല**<br>**കായികതാരങ്ങളെ വളർത്തുന്നതിന്** | | | |
| ക്ലാസ്തല സ്പോർട്സ് | കായിക ക്ലബ്ബ് | ജൂലൈ | SRG |
| കായികതാരങ്ങളുമായി അഭിമുഖത്തിന് അവസരം | കായിക ക്ലബ്ബ് | ആഗസ്റ്റ് | SRG. |
| ഫുട്ബോൾമത്സരം | കായിക ക്ലബ്ബ് | സെപ്റ്റംബർ | SRG |
| **മേഖല - പാരിസ്ഥിതികാവബോധം വളർത്തൽ** | | | |
| എന്റെ മരം പദ്ധതി | അധ്യാപകർ (സീഡ് ക്ലബ്ബ്) | ജൂൺ | SRG |
| പൂന്തോട്ടം-എന്റെ ചെടി | അധ്യാപകർ, കുട്ടികൾ | വർഷം മുഴുവൻ | SRG PTA |
| പ്ലാസ്റ്റിക് മാലിന്യ ശേഖരണം (മിഠായിക്കടലാസ് ശേഖരണി) | കുട്ടികൾ | വർഷം മുഴുവൻ | |
| ബയോകമ്പോസ്റ്റ് | സീഡ് ക്ലബ്ബ് | വർഷം മുഴുവൻ | പഞ്ചായത്ത് |

# ജനാധിപത്യ മതനിരപേക്ഷ ലിംഗസമത്വ വിദ്യാലയം.

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| സ്കൂൾ പാർലിമെന്റ് | അധ്യാപകർ | ജൂലൈ | SRG |
| പെരുന്നാൾ<br>ഓണം,<br>ക്രിസ്തുമസ് - ആഘോഷങ്ങൾ. | പിടിഎ അധ്യാപകർ | അതാത് സമയത്ത് | SRG. പിടിഎ |
| മേഖല - ലഹരി വിമുക്ത വിദ്യാലയം | | | |
| ബോധവൽക്കരണ ക്ലാസ് | ഹെൽത്ത് ക്ലബ്ബ്. | ആഗസ്ത് | SRG |
| മനുഷ്യച്ചങ്ങല | പിടിഎ അധ്യാപകർ | ലഹരി വിരുദ്ധ ദിനം | SRG. |
| മേഖല - ആരോഗ്യസുരക്ഷ - ഉയർന്ന ഹാജർനില | | | |
| പഠനാനന്ദം നൽകുന്ന അന്തരീക്ഷം. | അധ്യാപകർ പിടിഎ മാനേജ്മെന്റ് | വർഷം മുഴുവൻ | മാനേജ്മെന്റ്. പിടിഎ |
| ബോധവൽക്കരണ ക്ലാസ് | ഹെൽത്ത് ക്ലബ്ബ് | ജൂൺ | SRG |
| ശുചിത്വചാർട്ട് മികവുകൾക്ക് അംഗീകാരം. | ഹെൽത്ത് ക്ലബ്ബ് | വർഷം മുഴുവൻ | SRG. |
| ഭവനസന്ദർശനം | അധ്യാപകർ | ഓരോ ടേമിലും | SRG |

## മേഖല - അടിസ്ഥാന ഭാഷാശേഷി വികാസം.

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ജൂണിൽ | | | |
| x കുട്ടികളെ അറിയൽ ലിസ്റ്റ് തയ്യാറാക്കൽ | SRG | ജൂൺ | |
| x പൂർണ്ണ പങ്കാളിത്ത ക്ലാസ് പിടിഎ | അധ്യാപകർ | ജൂൺ-ഫെബ്രുവരി | SRG |
| x പിന്നോക്കം നിൽക്കുന്നവർക്ക് ഉച്ചയ്ക്ക് 1:45 മുതൽ 2.30 വരെ പ്രത്യേക പഠനക്ലാസ്സ് | അധ്യാപകർ | വർഷം മുഴുവൻ | |
| x ലേഖനവിടവുകൾ മാറ്റാൻ വലയാരുത്തിലക്കം രീതിയിൽ ക്ലാസ് എഡിറ്റിംഗ്, | അധ്യാപകർ | വർഷം മുഴുവൻ | |
| x നിരന്തരമായ വിലയിരുത്തൽ പ്രക്രിയ. | അധ്യാപകർ | വർഷം മുഴുവൻ | |
| x ഇംഗ്ലീഷ്, അറബിക് വിഷയങ്ങളിലും ഇതേ രീതിയിൽ പ്രവർത്തനങ്ങൾ നൽകുന്നു. | അറബിക് ക്ലബ്ബ് | വർഷം മുഴുവൻ | |
| x ഇംഗ്ലീഷ് അസംബ്ലി, | ഇംഗ്ലീഷ് ക്ലബ്ബ് | ആഴ്ചയിൽ ഒന്ന് | |
| x Work sheet-കൾ print-out എടുത്ത് ഉപയോഗിക്കുന്നു (ആകർഷകമായവ) | | | |

## ICT സൗകര്യം വർദ്ധിപ്പിക്കുന്നതിന്

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ലാപ്ടോപ്പുകൾ സംഘടിപ്പിക്കൽ | മാനേജ്മെന്റ് [illegible] [illegible] [illegible] | വർഷം മുഴുവൻ | മാനേജ്മെന്റ് |
| ഡിജിറ്റൽ ക്ലാസ്റൂമുകൾ ഒരുക്കൽ | മാനേജ്മെന്റ് | ജൂൺ | മാനേജ്മെന്റ്. |

ഉയർന്ന LSS, SAS, NAS പരീക്ഷകളിലെ വിജയം.

| പ്രവർത്തനം. | ചുമതല | കാലയളവ് | വരുന്ന ചെലവ് | വിലയിരുത്തൽ |
|---|---|---|---|---|
| എല്ലാ ക്ലാസിലും പാഠഭാഗവുമായി ബന്ധപ്പെട്ട മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ എല്ലാ ദിവസവും നൽകുന്നു. | ക്ലാസ്ടീച്ചർ | 1 വർഷം | SRG. | H.M. |
| * പത്രക്വിസ് വാട്സപ്പ് ഗ്രൂപ്പിലൂടെ എല്ലാ ദിവസവും ആ പത്രവാർത്തയെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ നൽകുന്നു. മാസത്തിലൊരു ദിവസം ക്വിസ് മത്സരം നടത്തുന്നു. | സോഷ്യൽ ക്ലബ് | 1 വർഷം | SRG | |
| * തെരഞ്ഞെടുത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു | നാലാം ക്ലാസ് അധ്യാപകകൂട്ടം | ജൂലൈ - ഫെബ്രുവരി | SRG | |

# മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | പ്രത്യേക പരിശീലനം, സംഘടിപ്പിക്കാൻ, ആവശ്യമായ സാമഗ്രികൾ ഒരുക്കാൻ | ലക്ഷ്യം നേടുന്നതു വരെ. | SRG<br>class teacher | PTA. |
| "വായിക്കാം വളരാം" വായനാ ശേഷി വളർത്താൻ | ക്ലാസ് വായനാമൂലം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാ കുറിപ്പ് | വർഷം മുഴുവൻ | HM<br>SRG<br>Class teacher<br>CPTA | PTA. |
| "എഴുതാം തെളിയാം" എഴുത്ത് പരിപോഷിപ്പിക്കാൻ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG<br>class teacher | PTA. |
| "എഴുത്തുകാരുമായി സംവദിക്കാൻ" ലേഖന ശേഷി വർദ്ധിപ്പിക്കാൻ സാഹിത്യകാരന്മാരെ അടുത്തറിയൽ | എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | class teacher | |
| കണ്ടറിയാം കേട്ടറിയാം. അറിവ് പോഷിപ്പിക്കാൻ ICT | പാഠഭാഗങ്ങളിലെ വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം. | class teacher | PTA. |

| | | | | |
|---|---|---|---|---|
| “രുചിക്കൂട്ട്” നമ്മുടെ പഴയ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള, പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ്. | വർഷത്തിലൊന്ന് | class teacher | |
| “ഓർക്കാം, അടിയന്തിരമായി” സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഓർമ്മ പുതുക്കൽ | ഓർമദിനങ്ങൾ, Documentary പ്രദർശനം, പുസ്തക പരിചയം | ആവശ്യാനുസരണം | SRG<br>class teacher | |
| ‘കലക്കൂട്ട്’ പി.ടി.എ ഭാഗമായി ബന്ധപ്പെട്ട കല നേരിട്ടറിയൽ | കലാവതരണം, ചമയപ്രദർശനം ഉപകരണപ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>class PTA, class teacher | PTA. |
| ‘സർഗോത്സവം’ നേടിയ ശേഷികൾ അന്ധവിശ്വാസങ്ങളെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷി പ്രകടനം. | വർഷത്തിലൊരിക്കൽ (മാസത്തിലൊന്ന്) | HM<br>SRG<br>CPTA<br>class teacher | PTA. |
| സർഗാത്മകഡയറി | എല്ലാദിവസവും എഴുതുന്ന ഡയറി സർഗാത്മകതലത്തിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നു. | വർഷം മുഴുവൻ | അധ്യാപകർ | |
| രചനോത്സവം | വിവിധ രചനോത്സവങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ മൂന്ന് | അധ്യാപകർ | SRG. |

# MASTER PLAN ENGLISH

| AIM | ACTIVITIES | TIME | |
|---|---|---|---|
| • To speak, Read and write English without any mistake | English Assembly | June to march | |
| • To check the vocabulary and writing skills of pupils | English Diary | June to march | |
| • To develop listening skills and reading skills | Listening stories<br>reading story books<br>class librerary<br>english magazine | June to march | |
| • Develop the creative speaking and writing | Presentation of skit, drama conversation, story telling etc based on the Text book | June to march | |

| AIM | ACTIVITIES | TIME | |
|---|---|---|---|
| • Reading skills<br>To improve the ability and confidence of people in English reading | Book reading<br>Find words<br>T.B activities | June to march | |
| Listening skills<br>To develop listening skills of students | Hellow English activities<br>· Listening conversation<br>· Skit, short stories etc | June to march | |
| Speaking skills<br>To improve students ability to speak in English | · Speak about their favourite, Fruit, vehicle Game etc.<br>Self introduction speech, conversation | June to march | |

| AIM | ACTIVITIES | TIME | |
|---|---|---|---|
| **Writing skills**<br><br>To improve and develop the writing skills of students. | Make word web<br>Picture description<br>Word chain<br>Making words and sentences, make riddles, conversations, add more lines etc.<br>Description writing<br>Thoughts writing<br>Diary, announcement etc | June to march | |

# ഗണിതം

## കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ - മൂല്യനിർണ്ണയം (ഗുണനവും ഹരണവും സങ്കലനം വ്യവകലനക്രിയകൾ) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണ പ്രദർശനം | വർഷത്തിലൊരിക്കൽ ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ | |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | | |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഗണിതപഠനോപകരണ ശിൽപശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | | |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാട്ടുകൾ പഠനോപകരണങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | | |

# പരിസരപഠനം -

| | | | | |
|---|---|---|---|---|
| പ്രകൃതി നടത്തം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം അറിവുനിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രമൂല | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | * ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>* പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ. | * വാന നിരീക്ഷണകേന്ദ്രം<br>* സയൻസ് പാർക്ക്<br>* ശാസ്ത്രമേളകൾ പ്രദർശനങ്ങൾ ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG ക്ലാസ്ടീച്ചർ | PTA രക്ഷിതാക്കൾ |
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടൽ | * ഭൂപട വായന<br>* ഭൂപട രചന<br>* സൂചിക നിർമ്മാണം | | | |
| ശാസ്ത്രവിസ്മയ ചുമർ | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | * ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്രപഠനത്തിൽ നിന്നു നേടിയ അറിവുകളുടെ | പതിപ്പ് ചാർട്ട് മാതൃക പഠനോപകരണം പരീക്ഷണം (പ്രദർശനം) | വർഷത്തിലൊരിക്കൽ | SRG ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്രപഠനത്തിൽ നിന്നു നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസിക നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ്ടീച്ചർ SRG HM | |

## ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

1. പഠനോപകരണശില്പശാലകൾ (ഓരോ യൂണിറ്റിനും)
2. ക്ലാസ് പി.ടി.എ.കൾ (ഓരോ അക്കാദമിക് ഉള്ളടക്കത്തിന് ഊന്നൽ)
3. എസ്.ആർ.ജി യോഗത്തിലെ ക്ലാസനുഭവ റിപ്പോർട്ട് അവതരണം.
4. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും
5. ഓരോ കുട്ടിയുടേയും പഠനപുരോഗതി വിലയിരുത്തലും തുടർ പ്രവർത്തനാസൂത്രണവും
6. സചിത്ര നോട്ട് ബുക്ക്, സചിത്ര ആസൂത്രണക്കുറിപ്പ് എന്നിവ തയ്യാറാക്കൽ.
7. സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
8. പോക്സോ, സംബന്ധമായ ബോധന ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും
9. കുട്ടിക്കു സ്വയം വിലയിരുത്താനും, പരസ്പരം വിലയിരുത്താനും അധ്യാപക-രക്ഷാകർതൃ വിലയിരുത്തൽ രീതികൾ ബോധ്യപ്പെട്ട് കൂടുതൽ പിന്തുണ ഉറപ്പാക്കുക.
10. വിലയിരുത്തൽ രീതികൾ ബോധ്യപ്പെട്ട് കൂടുതൽ പിന്തുണ ഉറപ്പാക്കുക എന്നതിനോടൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠന പ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കുക.
11. വായനോത്സവം, രചനോത്സവം.

## മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു. കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ കണ്ടെത്തി. എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാകുന്നു. ഒന്നാം ക്ലാസിലെ കുട്ടികളുടെ സംയുക്ത ഡയറി, 'എന്റെ കുട്ടി' തുടങ്ങിയവ പരിശോധിച്ച് കുട്ടികളുടെ മുൻ വർഷത്തെ മുന്നേറ്റങ്ങൾ പരിമിതികൾ എന്നിവ ശേഖരിക്കുന്നു.

## 1 മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്താനായി നടത്തിയ പ്രവർത്തനം. കുഞ്ഞുങ്ങൾക്ക് തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ആസ്വദിച്ച് വായിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയിലേക്ക് കുട്ടികൾക്ക് എത്തിച്ചേരാൻ കഴിയുന്നു, ഭാഷാവികാസത്തിന് സാധ്യത ഒരുങ്ങുന്നു.

### പ്രവർത്തന ലക്ഷ്യങ്ങൾ

* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുക.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം നൽകൽ
* കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുക.

### പ്രവർത്തനഘട്ടങ്ങൾ

* അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം S.R.G യിൽ അവലോകനം (മെയ്)
* തുടർപ്രവർത്തനങ്ങൾ ആസൂത്രണം.
* CPTA യിൽ അവലോകനം തുടർപ്രവർത്തനങ്ങളുടെ വിശദീകരണം. (ജൂൺ ആദ്യവാരം)
* കുട്ടിയും രക്ഷിതാവും ചേർന്ന വായന (ജൂൺ)
* വായനോത്സവം, വായനച്ചങ്ങാത്തം (ജൂൺ 19 മുതൽ)
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചന നടത്തൽ (ഓരോ [illegible]
* കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകരൂപത്തിൽ ആക്കുന്നു.
* വ്യക്തിഗത പുസ്തകം തയ്യാറാക്കുന്നതിന് പ്രോത്സാഹനം നൽകൽ.

## വിലയിരുത്തൽ

* മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
* രക്ഷിതാവിന്റെ പിന്തുണ
* വായനയുടെ ഘട്ടങ്ങൾ
* കഥോത്സവം, വായനോത്സവം
* വായനോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം.
* വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വച്ചിട്ടുണ്ട്.

ചുമതല ക്ലാസ്ടീച്ചർ, PTA, H.M.

സാമ്പത്തികം PTA, SSK.

## 2. സംയുക്ത ഡയറി

രക്ഷിതാവിന്റെ അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്ത് സഹായിക്കുന്നു.

### ലക്ഷ്യ പ്രസ്താവനകൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

* സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ ചർച്ച
* ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടന
* രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
* ജൂൺ മുതൽ ആരംഭിക്കുന്നു, ടീച്ചർ ഡയറികൾ പരിശോധിക്കുന്നു.
* കൂട്ടുകാരുടെ ഡയറിക്കുറിപ്പുകൾ ക്ലാസ്സിൽ പങ്കുവയ്ക്കുന്നു.
* സചിത്ര ഡയറി പുസ്തകരൂപത്തിലേക്ക് മാറുന്നു.
* എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റം വ്യക്തിഗതമായി.

### വിലയിരുത്തൽ

=> ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറായിട്ടുണ്ട്.

=> എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പു വരുത്തിയിട്ടുണ്ട്.

⇒ സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

⇒ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതുസമൂഹവുമായി പങ്ക് വച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, H.M. സാമ്പത്തികം: S.S.K.

## 3. പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു.

### ലക്ഷ്യപ്രസ്താവനകൾ

- താളം മനസിലാക്കി പാഠഭാഗത്തിലുൾപ്പെട്ടതും അല്ലാത്തതുമായ കവിതകളും ഈണം നൽകി സംഘമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഉള്ളടക്കം സന്ദേശവും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

* പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
* ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
* പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ തന്നെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാംവാരം)
* തുടർപഠനങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനക്കാർഡുകൾ ആക്കൽ (ജൂൺ 15 മുതൽ ഫെബ്രുവരി വരെ)
* വാർഷികത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് മാസം)

## വിലയിരുത്തൽ

=> ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ പാഠങ്ങളുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

=> പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പുസ്തകം പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറികളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

=> സമൂഹത്തിന്റെ ഭാഗമായി പാഠ്യപദ്ധതിയിലെ വിഷയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, P.T.A, H.M    സാമ്പത്തികം SSK, PTA

### 4. സചിത്ര പുസ്തകം.

2023-24 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പുസ്തക രൂപത്തിലാക്കിയാണ് കുട്ടികൾക്കു മുന്നിലവതരിപ്പിച്ചത്. ഈ രീതി പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഏറെ സഹായകമായിട്ടുണ്ട്. പ്രവർത്തന നാടകീയതയിൽ അദ്ധ്യാപികയും വിദ്യാർത്ഥികളും ചേർന്ന് പ്രവർത്തനങ്ങളിൽ ഒന്നിച്ച് പുതുമയുള്ളവ സൃഷ്ടിക്കാൻ കഴിയണം. എല്ലാ അംഗങ്ങളെയും കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠ പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

### ലക്ഷ്യപ്രസ്താവനകൾ

* രണ്ടാം ക്ലാസ്സിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിലൂടെ പ്രായോഗിക ധാരണ നേടുന്നു.
* എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭിക്കുന്നു.
* കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരും ആകുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

=> കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ മെച്ചപ്പെടുത്തൽ (2024 മെയ്)

=> വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ വിതരണം ചെയ്യൽ (2024 ജൂൺ 19)

=> എന്റെ രക്ഷിതാവിന്റെ കൂടെ - സചിത്ര പാഠം പരിചയപ്പെടൽ (ജൂൺ - 29)

=> രണ്ട്, മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം. (2024 ആഗസ്റ്റ്, ഡിസംബർ)

=> സചിത്ര ബുക്കുകൾ സമൂഹത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

=> സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ട്

=> എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക്ബുക്ക് ഉറപ്പുവരുത്തുന്നു.

=> എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.

=> പ്രതിമാസ പി.ടി.എ. യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ട.

=> നാടകീയസന്ദർഭത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു.

**ചുമതല:** ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്.എസ്.കെ. **സാമ്പത്തികം:** ക്ലാസ് ടീച്ചർ, S.S.K., രക്ഷിതാക്കൾ

## 5. റീഡേഴ്സ് തീയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസ്സിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠന തന്ത്രങ്ങൾ അവതരിപ്പിച്ച് ഭാവാത്മകമാക്കാൻ അധ്യാപികയ്ക്കും വിദ്യാലയത്തിനും കഴിയണം. ഭാവാത്മക വായനയ്ക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തീയേറ്റർ.

### ലക്ഷ്യപ്രസ്താവനകൾ

* രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തീയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
* പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തീയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
* ഭാഷയിലെ പഠനനേട്ടത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

### പ്രവർത്തനങ്ങൾ

* റീഡേഴ്സ് തീയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2024 ജനുവരി)
* ക്ലാസ് പി.ടി.എയിൽ റീഡേഴ്സ് തീയേറ്റർ ആശയം പങ്കിടലും - പിന്തുണ ഉറപ്പുവരുത്തലും (2024 ഫെബ്രുവരി 3-ാംവാരം)
* ഏകദിന റീഡേഴ്സ് തീയേറ്റർ ശില്പശാല (2024 ഫെബ്രുവരി 2-ാംവാരം)
* ഭാഷോത്സവത്തിൽ റീഡേഴ്സ് തീയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് 2-ാംവാരം)

### വിലയിരുത്തൽ

റീഡേഴ്സ് തീയേറ്റർ പ്രവർത്തനങ്ങളെ കുറിച്ച് S.R.G, ക്ലാസ് PTA

ആശയങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

* കുട്ടികൾക്ക് റീഡേഴ്സ് തീയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
* മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
* എല്ലാ കുട്ടികളെയും റീഡേഴ്സ് തീയേറ്ററിന്റെ ഭാഗമാക്കുന്നു.
* പ്രവർത്തനത്തിന് പ്രായോഗിക [illegible] ഉറപ്പുവരുത്തുന്നു

ചുമതല: ക്ലാസ് ടീച്ചർ, സി.പി.ടി.എ. സാമ്പത്തികം – S.S.K, PTA

## 6. നാട്ടുവിശേഷം കുറിച്ചെടുത്ത്

ഭാഷാപഠനം പരിസരപഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനുള്ള ഒരു പ്രവർത്തന പദ്ധതിയാണിത്. നാട്ടുവിശേഷം കുറിച്ചെടുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെളിമയാർന്ന ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകരമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമ്മാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിന് കഴിയും.

### ലക്ഷ്യപ്രസ്താവനകൾ

⇒ പരിസര പഠനത്തിലൂടെ ഭാഷാപഠനസാധ്യതകൾ ഒരുക്കുന്നു.
⇒ പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെളിമയാർന്ന ഭാഷയിൽ എഴുതാൻ കഴിയുന്നു.
⇒ നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തി ശാസ്ത്ര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
⇒ മുതിർന്ന കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
⇒ പഠനം വീട്ടിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
⇒ പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
⇒ പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

### പ്രവർത്തനഘട്ടങ്ങൾ

* എസ്.ആർ.ജിയിൽ അവതരണം
* പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ്.ആർ.ജിയിൽ ആസൂത്രണം ചെയ്യുന്നു.
* പി.ടി.എ.യിൽ അവതരിപ്പിച്ച് പിന്തുണ.
* പാഠത്തിനനുസരിച്ച് പ്രകൃതിപഠന സാധ്യത (കണ്ടെത്തൽ [illegible] ആഴ്ച പ്രവർത്തനം ആസൂത്രണം)
* പ്രവർത്തനങ്ങൾ നടപ്പിലാക്കൽ

ചുമതല: ക്ലാസ് ടീച്ചർ, PTA, H.M. സാമ്പത്തികം: SSK.

# ചില തനത് പ്രവർത്തനങ്ങൾ

1. 'പാവക്കുട്ടി' - പ്രകൃതിജന്യമായ വസ്തുക്കൾ ഉപയോഗിച്ച് (ഓല, ചിരട്ട, മണ്ണ്, കടലാസ് തുടങ്ങിയവ) ഇവ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ, കളി ഉപകരണങ്ങൾ, പഠനോപകരണങ്ങൾ എന്നിവയുടെ നിർമ്മാണം. (ജൂൺ - ഡിസംബർ)

2. കുഞ്ഞിക്കൃഷി - കൃഷിയിലേർപ്പെട്ടുകൊണ്ട് കൃഷിയുമായി ബന്ധപ്പെട്ട കടങ്കഥ, പഴഞ്ചൊല്ലുകൾ, ശൈലികൾ, പ്രയോഗങ്ങൾ, പരിസ്ഥിതി വിചാരങ്ങൾ, കൃഷിയറിവുകൾ, കൃഷിയുമായി ബന്ധപ്പെട്ട വാക്കുകൾ എന്നിവ തയ്യാറാക്കൽ, പ്രയോഗിക്കൽ, തിരിച്ചറിയൽ, ഉപയോഗിക്കൽ. (ജൂൺ 5 മുതൽ മാർച്ച് 31 വരെ)

3. പാവാട്ടം - പാവനാടക ശില്പശാലയും പഠനഭാഗമായി പാവനാടകങ്ങൾ തയ്യാറാക്കൽ, പാവകൾ നിർമിക്കൽ, ബന്ധപ്പെട്ട പാവനാടക അവതരണങ്ങൾ, സ്വയം ശില്പശാലയും, കുട്ടികൾക്ക് പാവനാടക രചന, മാതൃകകൾ, പാവനിർമ്മാണം, അവതരണം പരിശീലനം. (ആഗസ്റ്റ്, സെപ്തംബർ)

4. അ മുതൽ റ വരെ അക്ഷരപരിചയത്തിനായി വിവിധ വർക്ക് ഷീറ്റുകൾ തയ്യാറാക്കി ഓൺലൈൻ ഓഫ്‌ലൈൻ പരിശീലനം (ജൂൺ - ഡിസംബർ)

5. കുട്ടിക്കവിതക്കൂട്ടം - പലതരത്തിലുള്ള കുട്ടിക്കവിതകൾ ശേഖരിച്ച്, പരിചയപ്പെടുത്തി, കുട്ടികളെക്കൊണ്ട് ചൊല്ലിച്ച് അവതരണ ഗ്രൂപ്പുകൾ തയ്യാറാക്കുന്നു (ജൂൺ - ഡിസംബർ)

6. തിരശ്ശീല — ഭാഷാപരമായി കുട്ടികൾക്ക് മുൻപിലെത്താൻ സഹായമായ ലഘു വീഡിയോകൾ, ഡോക്യുമെന്ററികൾ, നാടകങ്ങൾ, കഥകൾ, കവിതകൾ, സിനിമകൾ തുടങ്ങിയവയുടെ പ്രദർശനം. (ജൂൺ - ഡിസംബർ)

7. കുട്ടിത്തപാൽ - കുട്ടികൾക്ക് കത്തുകൾ അയക്കാൻ സ്കൂളിൽ പോസ്റ്റ് ബോക്സ് തയ്യാറാക്കൽ (ജൂൺ - ഡിസംബർ)

8. പുസ്തകസഞ്ചി - ഉച്ചഭക്ഷണവേളയിൽ കുട്ടികൾക്ക് വായിക്കാൻ പുസ്തകങ്ങൾ സഞ്ചിയിൽ തൂക്കിയിടൽ. (ജൂൺ - ഡിസംബർ)

# പ്രവർത്തന കലണ്ടർ

| നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം. |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ്. |
| 2. | മലയാള മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ്, നാടൻപാട്ട് ശില്പശാല (1-ദിവസം) | ജൂൺ - മാർച്ച് |
| 5. | സചിത്ര പുസ്തകം. | ജൂൺ - മാർച്ച് |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 7. | നാട്ടുവിശേഷം - കൂട്ടെഴുത്ത് | ജൂലൈ - മാർച്ച് |
| 8. | ക്ലാസ്സ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം. |
| 9. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ മാസം തോറും. |
| 10. | ഭാഷോത്സവം | ജനുവരി |
| 11. | കുഞ്ഞിക്കുറി | ജൂൺ 15 നവംബർ-30 |
| 12. | പാവാട്ടം | August സെപ്തംബർ |
| 13. | കുട്ടിക്കവിതക്കൂട്ടം | ജൂൺ - ഡിസംബർ |
| 14. | തിരശ്ശീല | ജൂൺ - ഡിസംബർ |
| 15. | കുട്ടി തപാൽ | ജൂൺ - ഡിസംബർ |
| 16. | പുസ്തക സഞ്ചി | ജൂൺ - ഡിസംബർ |
| 17. | അക്ഷരൽറവര | ജൂൺ - ഡിസംബർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026

## O.A.L.P.S.

## അറബിക്

ലക്ഷ്യങ്ങൾ :-

1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം
3. കഥ. കവിത എന്നിവ കേട്ട് ആസ്വദിക്കുന്നത്
4. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു
5. മാഗസിൻ നിർമാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുമ്പിൽ പങ്കിടുന്ന രീതികൾ | [illegible] |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തു രീതി<br>• ചിഹ്നങ്ങൾ ചേർത്തുവായന | 1. അക്ഷര കാർഡുകൾ നൽകുന്നു.<br>2. അക്ഷരങ്ങൾക്ക് നിറം നൽകുന്നു<br>3. ഉച്ചാരണശുദ്ധിയോടെ വായിക്കൽ<br>4. അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICT ഉപയോഗിക്കുന്നു | 1. ശരിയായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.<br>2. രക്ഷിതാവിന്റെ സഹായത്താൽ കുട്ടികളെ പരിശീലിപ്പിക്കുന്നു.<br>3. അക്ഷരമാല സ്വയം ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരചാർട്ട് | 1. കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു.<br>2. ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | CPTA | [illegible] |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽവരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുമ്പിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമ്മാണം പദശേഖരണം | 1. അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു. | | CPTA | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| | 2. പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം | ഒഴിവു വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | | |
| | 3. പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു. | വീടുകളിലും സന്ദർഭത്തിന് അനുസരിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |
| | പാഠപുസ്തകത്തിലെ ഉപചാരവാക്കുകൾ ........ നിത്യജീവിതത്തിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | | | | |
| കവിതകേട്ട് ആസ്വദിക്കുന്നു | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരവാക്കുകൾ പുതിയ പദങ്ങൾ കണ്ടെത്തി- | ചെറിയ കഥാകവിതാ ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു- | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാരവാക്കുകൾ കഥാകവിത ശേഖരിച്ചത് ഇവ എല്ലാം- | CPTA | ഡിസംബർ- മാർച്ച് |

| | | | | | |
|---|---|---|---|---|---|
| മാഗസിൻ നിർമ്മാണം | തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു.<br><br>ചിത്രങ്ങൾ വരയ്ക്കാം<br><br>ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു. | ക്ലാസിൽ പത്രങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു.<br><br>രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരക്കുന്നതിനും സഹായം തേടുന്നു | ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | | ജൂൺ - മാർച്ച് |